REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ജമ്മുകശ്മീരിലെ കത്രയിൽ ഇന്ന് 46,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും.
- ബക്രീദ് പ്രമാണിച്ച് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി. ഗവൺമെന്റ് ഓഫീസുകൾക്ക് ബക്രീദ് ദിനമായ നാളെയായിരിക്കും അവധി.
- ഹജ്ജ് തീർത്ഥാടനത്തിന്റെ സുപ്രധാന കർമ്മമായ ജംറയിലെ കല്ലേറിന് ഹാജിമാർ നീങ്ങിത്തുടങ്ങി.
- നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ 10 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്- പ്രചാരണത്തിന് ഇനി ചൂടേറും.
- പൊതുമേഖല സ്ഥാപനങ്ങൾ ലാഭം ലക്ഷ്യമാക്കിത്തന്നെ പ്രവർത്തിക്കണമെന്ന് മന്ത്രി P. രാജീവ്.
- നോർവേ ചെസ് ടൂർണമെന്റിൽ ഇന്ത്യയുടെ D ഗുകേഷ് മുന്നേറുന്നു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജമ്മുകശ്മീരിലെ കത്രയിൽ 46,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും. പൂർത്തീകരിച്ച ഏതാനും പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, പുതിയ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും.

44,000 കോടി രൂപ ചെലവിൽ നിർമ്മിച്ച 272 കിലോമീറ്റർ ഉധംപൂർ-ശ്രീനഗർ- ബാരാമുള്ള റെയിൽ ലിങ്കാണ് രാഷ്ട്രത്തിന് സമർപ്പിക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടത്. ലോകത്തെ ഏറ്റവും ഉയരത്തിൽ നിർമ്മിച്ച റെയിൽവെ പാലമായ ചെനാബ് ആർച്ച് ബ്രിഡ്ജും, ഇന്ത്യയിലെ ആദ്യ കേബിൾ സ്റ്റൈലോടു കൂടിയ റെയിൽപ്പാലം അൻജീഖാദ് ബ്രിഡ്ജും ഈ പദ്ധതിയുടെ ഭാഗമാണ്. രണ്ട് വന്ദേഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

ജമ്മുകശ്മീരിലെ കടുത്ത കാലാവസ്ഥാ സാഹചര്യങ്ങളെ നേരിടാനാവശ്യമായ ആധുനിക സംവിധാനങ്ങളോടെയാണ് ശ്രീമാതാ വൈഷ്ണോദേവി കത്ര-ശ്രീനഗർ, കത്ര- ശ്രീനഗർ വന്ദേഭാരത് സർവീസുകൾ ആരംഭിക്കുന്നത്. കത്രയിലെ ശ്രീമാതാ വൈഷ്ണോദേവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സലൻസിന് പ്രധാനമന്ത്രി തറക്കല്ലിടും. റിയാസി ജില്ലയിലെ ആദ്യ മെഡിക്കൽ കോളജു കൂടിയാണിത്.

✪✪✪

ബക്രീദ് പ്രമാണിച്ച് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ഗവൺമെന്റ് അവധി പ്രഖ്യാപിച്ചു. ഒന്നു മുതൽ 12 വരെ ക്ലാസുകൾക്ക് അവധി ആയിരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടിയും പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ആയിരിക്കുമെന്ന് മന്ത്രി R ബിന്ദുവും അറിയിച്ചു.

സംസ്ഥാനത്തെ ഗവൺമെന്റ് ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബക്രീദ് ദിനമായ നാളെയാണ് അവധി. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെയും അവധി നാളത്തേക്ക് മാറ്റി.

✪✪✪

രാജ്യത്തെ വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ഇന്ന് UMEED പോർട്ടൽ ആരംഭിക്കും.വഖഫ് സ്വത്തുക്കളുടെ മാനേജ്മെന്റും നിയന്ത്രണവും മെച്ചപ്പെടുത്താൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് പോർട്ടൽ. UMEED ൽ രജിസ്റ്റർ ചെയ്യുന്നതിന് വസ്തുവകകളുടെ അളവുകളും ജിയോ-ടാഗ് ചെയ്ത സ്ഥലങ്ങളും ഉൾപ്പെടെ വിശദമായ സ്വത്ത് വിവരങ്ങൾ ആവശ്യമാണ്.

✪✪✪

ഹജ്ജ് കർമ്മത്തിന്റെ ഭാഗമായ ജംറയിലെ ആദ്യദിന കല്ലേറിന് ഹാജിമാർ രാവിലെയോടെ ജംറയിലേക്ക് നീങ്ങിത്തുടങ്ങി. സുപ്രധാന ചടങ്ങായ അറഫാ സംഗമം ഇന്നലെ നടന്നു. പതിനായിരത്തോളം മലയാളി ഹാജിമാർ ഉൾപ്പെടെ പത്തൊമ്പത് ലക്ഷത്തിലധികം പേരാണ് ഇന്നലെ പകൽ അറഫയിൽ ഒത്തു ചേർന്നത്.

ഡെസ്ക് റിപ്പോർട്ട്....

.....(വോയ്സ്).....

✪✪✪

ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിനു പുറത്ത് തിക്കിലും തിരക്കിലും 11 പേർ മരിച്ച സംഭവത്തിൽ ബംഗലൂരു പൊലീസ് കമ്മീഷണറെയും, മറ്റു ചില മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരെയും മുഖ്യമന്ത്രി സിദ്ധരാമയ്യ സസ്പെൻഡ് ചെയ്തു. റോയൽ ചലഞ്ചേഴ്സ് ബംഗലൂരു ടീമിന്റെയും, ഇവന്റ് മാനേജ്മെന്റ് ഏജൻസിയുടെയും, കർണാടക ക്രിക്കറ്റ് അസോസിയേഷന്റെയും പ്രതിനിധികളെ അറസ്റ്റ് ചെയ്യാനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ഇവർക്കെതിരെ വിവിധ വകുപ്പുകൾ ചേർത്ത് പ്രഥമ വിവര റിപ്പോർട്ടും രജിസ്റ്റർ ചെയ്തു. സംഭവത്തെപ്പറ്റി ഏകാംഗ ജുഡീഷ്യൽ അന്വേഷണത്തിനും മുഖ്യമന്ത്രി ഉത്തരവിട്ടു. 30 ദിവസത്തിനകം കമ്മീഷണറോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ജമ്മുകശ്മീരിൽ അമർനാഥ് യാത്രയ്ക്ക് പിഴവറ്റ സുരക്ഷയൊരുക്കാൻ സൈന്യം ‘ഓപ്പറേഷൻ ശിവ’ എന്ന ദൗത്യം നടപ്പാക്കും. ജൂലൈ മൂന്നിന് ആരംഭിക്കുന്ന തീർത്ഥാടനത്തിന് പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് അതീവ സുരക്ഷയൊരുക്കുന്നത്. 42,000 ത്തോളം സേന- അർദ്ധസേനാംഗങ്ങൾ ഓപ്പറേഷൻ ശിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ 10 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്. പ്രചാരണത്തിന് ഇനി ചൂടേറും. സ്ഥാനാർത്ഥികൾക്ക് ഇന്നലെ വരണാധികാരി ചിഹ്നങ്ങൾ അനുവദിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി M സുരേഷ് ബാബു ...

..........(വോയ്സ് ) ........

✪✪✪

ഓപ്പറേഷൻ സിന്ദൂറിലെ ഇന്ത്യൻ നിലപാട് വിശദീകരിക്കുന്ന ഡോ. ശശി തരൂർ നേതൃത്വം നൽകുന്ന സർവകക്ഷി സംഘം, US വൈസ് പ്രസിഡന്റ് JD വാൻസുമായി കൂടിക്കാഴ്ച നടത്തി. തീവ്രവാദ വിരുദ്ധ ശ്രമങ്ങൾ മുതൽ സാങ്കേതിക സഹകരണം വർദ്ധിപ്പിക്കുന്നത് വരെ വിവിധ വിഷയങ്ങൾ അവർ ചർച്ച ചെയ്തു.

BJP MP രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സർവകക്ഷി പ്രതിനിധി സംഘം ബെൽജിയം ഫെഡറൽ പാർലമെന്റിന്റെ ചേംബർ ഓഫ് ഡെപ്യൂട്ടീസ് പ്രസിഡന്റ് പീറ്റർ D റൂവറുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ ലാഭം ലക്ഷ്യമാക്കിത്തന്നെ പ്രവർത്തിക്കണമെന്ന് മന്ത്രി P. രാജീവ് അഭിപ്രായപ്പെട്ടു. പൊതുജനങ്ങളുടെ പണമാണ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതെന്നും, അതിൽ നിന്നും ലാഭമുണ്ടാക്കി ജനങ്ങളോട് ഉത്തരവാദിത്തം നിറവേറ്റാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കാൻ രൂപീകരിച്ച ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ ബിസിനസ്സ് പ്ലാനും, ധാരണാ പത്രവും ഒപ്പിടുന്ന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മികച്ച പ്രവർത്തനം കാഴചവെച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ചടങ്ങിൽ മന്ത്രി അഭിനന്ദനപത്രങ്ങൾ സമ്മാനിച്ചു.

✪✪✪

ജലസംരക്ഷണ യജ്ഞത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് പ്രധാനമാണെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. പാലക്കാട് ജില്ലയിലെ നീർധാര ജലസംരക്ഷണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പദ്ധതിയുടെ ലോഗോയും അദ്ദേഹം പ്രകാശനം ചെയ്തു. ചടങ്ങിൽ ഒരു തൈ നടാം - പനപർവ്വം ജില്ലാതല പരിപാടി മന്ത്രി K കൃഷ്ണൻകുട്ടിയും ഉദ്ഘാടനം ചെയ്തു.

✪✪✪

നോർവേ ചെസ് ടൂർണമെന്റിൽ ഇന്ത്യയുടെ D ഗുകേഷ് ഒൻപതാം റൗണ്ടിൽ ചൈനയുടെ വി-യിയെ പരാജയപ്പെടുത്തി. ഇതോടെ ഗുകേഷിന് 14.5 പോയന്റ് ലഭിച്ചു.

ടൂർണമെന്റ് ജേതാവ്, മാഗനസ് കാൾസണുമായി അര പോയിന്റ് മാത്രം പിന്നിലാണ് ഗുകേഷ്.

✪✪✪

ജക്കാർത്തയിൽ ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ, ഇന്ന് ഇന്ത്യയുടെ സാത്വിക് സായ്‌രാജ് റങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഇന്ന് മലേഷ്യൻ സഖ്യത്തെ നേരിടും.

ഇന്നലെ വനിതാ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യൻ താരം P.V സിന്ധു തായ് താരത്തോട് പരാജയപ്പെട്ടു.

✪✪✪

കൊച്ചി തീരത്ത് കപ്പൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് മീൻപിടുത്ത മേഖലയിലുണ്ടായ പ്രതിസന്ധി ലഘൂകരിക്കണമെന്നാവശ്യപ്പെട്ട് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ M.P കേന്ദ്ര ആഭ്യന്തരമന്ത്രിയ്ക്കും, സംസ്ഥാന മുഖ്യമന്ത്രിയ്ക്കും കത്തു നൽകി. കൊച്ചി തീരത്തെ കപ്പൽ അപകടം ആലപ്പുഴയിലെയും കൊല്ലത്തെയും ഉൾപ്പെടെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും സാരമായി ബാധിച്ചെന്ന് അദ്ദേഹം കത്തിൽ വ്യക്തമാക്കി.

ട്രോളിംഗ് നിരോധനത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കുമ്പോഴുണ്ടായ ഈ സംഭവം മീൻപിടുത്തക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ട് വർധിപ്പിക്കുന്നതാണെന്നും വേണുഗോപാൽ പറഞ്ഞു. മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ ആവാസ വ്യവസ്ഥയ്ക്കും കടൽ പരിസ്ഥിതിക്കും ഗുരുതരമായ ആഘാതമുണ്ടാക്കുമെന്നും വേണുഗോപാൽ വിശദീകരിച്ചു.

✪✪✪

കണ്ണൂരിലും ഇടുക്കിയിലും ഒഴുക്കിൽപ്പെട്ട് രണ്ട് യുവാക്കൾ മരിച്ചു. കണ്ണൂർ കടവത്തൂർ കല്ലാച്ചേരി കടവിൽ തെക്കയിൽ മുഹമ്മദ് എന്ന 21 കാരനും, ഇടുക്കി തേക്കടി കനാലിൽ മന്നാകുടി സ്വദേശി അർജ്ജുൻ എന്ന 17 കാരനുമാണ് മരിച്ചത്.

✪✪✪

വികസിത് കൃഷി സങ്കല്പ് അഭിയാന്റെ ഭാഗമായി കോഴിക്കോട് ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൽ രാവിലെ 'സമ്മിശ്ര കൃഷി' സെമിനാർ നടത്തും. ഇതിന്റെ ഭാഗമായി കർഷകർക്ക് പച്ചക്കറി വിത്തും, നടീൽ വസ്തുക്കളും സൗജന്യമായി വിതരണം ചെയ്യും. വികസിത് കൃഷി സങ്കല്പ് യാത്ര ഇന്ന് തോടന്നൂർ ബ്ലോക്കിലാണ്. മണിയൂർ, തിരുവള്ളൂർ, ആയഞ്ചേരി പഞ്ചായത്തുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീമിന്റെ 'കൽപ്പകം 2025' പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി. പരിസ്ഥിതി സംരക്ഷണം, ലഹരിവിരുദ്ധ പ്രവർത്തനം, പ്ലാസ്റ്റിക് മാലിന്യ നിർമാർജനം തുടങ്ങിയവയാണ് പദ്ധതിയിൽ NSS വൊളണ്ടിയർമാർ സംഘടിപ്പിക്കുന്നത്. 160 NSS യൂണിറ്റുകളിലെ 8,000 ത്തോളം വൊളണ്ടിയർമാർ സ്കൂളിലും വീടുകളിലും പൊതു ഇടങ്ങളിലും തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യും.

✪✪✪

---

*News Editor: അനിൽ ചന്ദ്രൻ*
*News Reader: അനിൽ ചന്ദ്രൻ*
*NRT: അനുഷ ആത്മപ്രകാശ്, രജിന കെ*
*DEO : ഷീബ*